**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3356** — **11-03-2025 - ൽ മറുപടിയ്ക്ക്**

**ചൊക്രമുടി ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ബൈസൻവാലി ചൊക്രമുടിയിലെ അതീവ പരിസ്ഥിതി ദുർബല പ്രദേശത്തെ റവന്യൂ ഭൂമി കയ്യേറ്റം നടത്തിയവർക്കെതിരെ എന്ത് നിയമനടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (എ) | ചൊക്രമുടി കയ്യേറ്റവുമായി ബന്ധപ്പെട്ട ഭൂമിയിൽ നൽകിയിരിക്കുന്ന പട്ടയങ്ങൾ, 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസ് 8(2)-ൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതനുസരിച്ചുള്ള തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനും ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച് പട്ടയങ്ങളുടെ നിജസ്ഥിതി പരിശോധന നടന്നു വരുന്നതും, സ്പെഷ്യൽ ടീമിന്റെ നടപടിയുടെ ഭാഗമായി ടി മേഖലയിൽ രേഖകൾ പ്രകാരം പട്ടയ വസ്തുക്കൾ കൈവശം വച്ചിട്ടുള്ള 60 തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് നടത്തുകയും 14/10/2024 ന് ദേവികുളം സബ് കളക്ടറുടെ കാര്യാലയത്തിൽ വച്ച് ഹിയറിംഗ് നടത്തുകയും 45 പേരുടെ സ്റ്റേറ്റ്മെന്റുകൾ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഓരോ പട്ടയ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ രേഖാമൂലം കക്ഷികൾക്ക് നൽകിയിട്ടുള്ളതും അടുത്ത ഹിയറിംഗിന് ഒബ്ജക്ഷൻ രേഖപ്പെടുത്തുന്നതിനായി രേഖാമൂലം നോട്ടീസ് ഹിയറിംഗ് നടത്തിയിട്ടുള്ളതും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്. അന്തിമ ഉത്തരവിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഭൂമി കയ്യേറ്റം നടത്തിയവർക്കും, ബന്ധപ്പെട്ട മറ്റുള്ളവർ എന്നിവർക്കുമെതിരെ ശക്തമായ നിയമപനടപടികൾ സ്വീകരിക്കും. |
| (ബി) | എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളും ഭൂമിയുടെ പരിവർത്തനങ്ങളുമാണ് ചൊക്രമുടിയിൽ ഭൂമാഫിയ നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; റെഡ് സോണിൽ ഉൾപ്പെട്ട പ്രസ്തുത പ്രദേശത്തെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ | (ബി) | പ്രസ്തുത ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ദുരന്തനിവാരണ നിയമപ്രകാരം മുൻകരുതലുകൾ സ്വീകരിക്കുന്നതിലേയ്ക്ക് ഇടുക്കി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ഹസാർഡ് അനലിസ്റ്റ്, എക്സിക്യൂട്ടീവ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, ഇടുക്കി, |

| | | | |
|---|---|---|---|
| | വകുപ്പിന് സാധിക്കാതിരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; | | മൂന്നാർ ഫോറസ്റ്റ് റേഞ്ച് ഓഫീസർ എന്നിവർ ഈ പ്രദേശത്ത് നടത്തിയ സംയുക്ത പരിശോധനയിൽ ഏകദേശം 12 X 9 X 2.5 മീറ്റർ അളവിലുള്ള ഇരുപത്തിയേഴ് ലക്ഷം ലിറ്റർ വെള്ളം ഉൾക്കൊള്ളാവുന്ന മൺകുളം നിർമ്മിച്ചിരിക്കുന്നതായും വ്യാപകമായ മരം കത്തിക്കൽ ഈ പ്രദേശത്ത് നടന്നുവെന്നും, പാറ ഉൾപ്പെടുന്ന മണ്ണ് നീക്കം ചെയ്ത് (കാഴ്ചയിൽ ശരാശരി 1.50 മീറ്റർ ആഴത്തിൽ) ഏകദേശം 3 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ച് കുറച്ചുഭാഗത്ത് മെറ്റലിംഗ് നടത്തിയിട്ടുള്ളതായും റോഡിനു കുറുകെ Culvert (pipe culvert ഉൾപ്പെടെ) സ്ഥാപിച്ചിട്ടുള്ളതായും കയ്യാലകൾ നിർമ്മിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ട ഉടനെ ആയത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും, നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള കുളം പൊളിച്ചു നീക്കുന്നതിന് 17.11.2024-ന് ബൈസൺവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കി ഉത്തരവായിട്ടുള്ളതും, ടി മേഖലയിൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ നിജസ്ഥിതി പരിശോധനയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | ഇവിടത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; കയ്യേറിയ റവന്യൂ ഭൂമി തിരിച്ച് പിടിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ചൊക്രമുടി കയ്യേറ്റ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ സ്ഥലത്തെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും, പ്രസ്തുത സ്ഥലത്ത് ആളുകൾ പ്രവേശിക്കുന്നതും ദുരന്ത നിവാരണ നിയമം, 2005 പ്രകാരം നിരോധിച്ച് 13.09.2024-ന് ഉത്തരവായിട്ടുള്ളതാണ്. ചൊക്രമുടി കയ്യേറ്റ മേഖലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പട്ടയങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധനക്കായി ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുള്ളതും, ടി സംഘം ടി മേഖലയിൽ അനുവദിച്ച പട്ടയങ്ങളുടെ നിജസ്ഥിതി സംബന്ധിച്ചും ടി പട്ടയങ്ങളിൽ നിന്നും ഉൽഭവിച്ച തണ്ടപ്പേരുകൾ സംബന്ധിച്ചും രേഖകൾ പരിശോധിച്ചും കക്ഷികളെ ഹിയറിംഗ് നടത്തിയും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതും നാളത് തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത പരിശോധനയുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ടി മേഖലയിൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ |

| | | | |
|---|---|---|---|
| | | | നിജസ്ഥിതി സംബന്ധിച്ച് അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി തിരിച്ചു പിടിച്ച് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ദേവികുളം സബ്കളക്ടർ നടത്തിയ ഹിയറിംഗ് റിപ്പോർട്ടിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (ഡി) | ചൊക്രമുടി കയ്യേറ്റ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ സ്ഥലത്തെ എല്ലാവിധ നിർമ്മാണ പ്രവർത്തനങ്ങളും, പ്രസ്തുത സ്ഥലത്ത് ആളുകൾ പ്രവേശിക്കുന്നതും ദുരന്ത നിവാരണ നിയമം, 2005 പ്രകാരം നിരോധിച്ച് 13.09.2024-ന് ഉത്തരവായിട്ടുള്ളതാണ്. ചൊക്രമുടി കയ്യേറ്റ മേഖലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പട്ടയങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധനക്കായി ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുള്ളതും, ടി സംഘം ടി മേഖലയിൽ അനുവദിച്ച പട്ടയങ്ങളുടെ നിജസ്ഥിതി സംബന്ധിച്ചും ടി പട്ടയങ്ങളിൽ നിന്നും ഉൽഭവിച്ച തണ്ടപ്പേരുകൾ സംബന്ധിച്ചും രേഖകൾ പരിശോധിച്ചും കക്ഷികളെ ഹിയറിംഗ് നടത്തിയും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതും നാളത് തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത പരിശോധനയുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ടി മേഖലയിൽ നൽകിയിട്ടുള്ള പട്ടയങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച് അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി തിരിച്ചു പിടിച്ച് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ചൊക്രമുടിയിലെ റവന്യൂ ഭൂമിയിൽ 23.01.2025 ന് കൈയ്യേറ്റക്കാരുടെ നേതൃത്ത്വത്തിലുള്ള സംഘം കടന്നുകയറി നീലക്കുറിഞ്ഞികളും മരത്തൈകളും നശിപ്പിച്ച സംഭവത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (ഇ) | ടി വിഷയത്തിൽ ദേവികുളം സബ് കളക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് രാജാക്കാട് പോലീസ് സ്റ്റേഷനിൽ Cr.81/25 U/S51(b) Disaster Management Act, 2005 നമ്പരായി 29/01/2025 തീയതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (എഫ്) | ചൊക്രമുടിയിലെ ഭൂമി കയ്യേറ്റം നടത്തിയവർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, മറ്റുള്ളവർ എന്നിവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത കയ്യേറ്റം അടിയന്തരമായി ഒഴിപ്പിക്കുന്നതിനും റവന്യൂ ഭൂമി തിരിച്ചു പിടിക്കുന്നതിനും പ്രത്യേക ദൗത്യ സംഘത്തെ നിയോഗിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | ചൊക്രമുടി കയ്യേറ്റ മേഖലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പട്ടയങ്ങളുടെ നിജസ്ഥിതി പരിശോധന പൂർത്തിയാക്കി അന്തിമ ഉത്തരവിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചൊക്രമുടി ഭൂമി കയ്യേറ്റം നടത്തിയവർ, മറ്റുള്ളവർ എന്നിവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ബൈസൺവാലി വില്ലേജിലെ ചൊക്രമുടി മലനിരകളിലെ അനധികൃത കയ്യേറ്റവും, നിർമ്മാണവുമായി ബന്ധപ്പെട്ട് കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം, |

| | | | |
|---|---|---|---|
| | | | കുറ്റാരോപണ പത്രിക എന്നിവ തയ്യാറാക്കി നൽകുന്ന നടപടി സ്വീകരിച്ച് വരുന്നു.<br><br>ചൊക്രമുടി കയ്യേറ്റ മേഖലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പട്ടയങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കായി ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്. ആകയാൽ പ്രത്യേക ദൗത്യ സംഘത്തെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യത്തിൽ ആവശ്യമെന്നു കണ്ടാൽ പ്രത്യേക ദൗത്യ സംഘത്തെ നിയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ